Service With Love
JUBILEE MISSION
MEDICAL COLLEGE & RESEARCH INSTITUTE
Jubilee Mission P.O., East Fort, Thrissur - 680005, Kerala, India

16.07.2026

# ജൂബിലിയിൽ എക്സാംതലോൺ X

ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആന്റ് റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ എമർജൻസി മെഡിസിൻ വിഭാഗത്തിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന 'Examthalon X – A Decade of Excellence' എന്ന ദേശീയതല എമർജൻസി മെഡിസിൻ ബോർഡ് പരീക്ഷാ സിമുലേഷനും റെസിഡന്റ് സമ്മിറ്റും ആരംഭിച്ചു. എമർജൻസി മെഡിസിൻ അസോസിയേഷന്റെ (EMA) ആഭിമുഖ്യത്തിൽ നടക്കുന്ന പരിപാടിയിൽ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള അധ്യാപകരും ബിരുദാനന്തര വിദ്യാർത്ഥികളും പങ്കെടുക്കുന്നു. ബഹുവിഷയ കേസ് ചർച്ചകൾ, അപ്ഡേറ്റ് സെഷനുകൾ, പ്രായോഗിക പരീക്ഷാ സിമുലേഷനുകൾ എന്നിവ പരിപാടിയുടെ ഭാഗമാണ്. പരിപാടി ജൂബിലി മിഷൻ ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ ഉദ്ഘാടനം ചെയ്തു. മെഡിക്കൽ സൂപ്രണ്ട് ഡോ. ഷിബു കള്ളിവളപ്പിൽ, അസിസ്റ്റന്റ് ഡയറക്ടർ ഫാ. ടെറിൻ മുള്ളക്കര, ഇ.എം.എ. കേരള അണ്ടർ സെക്രട്ടറി ഡോ. അഖിൽ എസ്. എൽ. എന്നിവർ ആശംസകൾ നേർന്നു. സംഘാടക കൺവീനർ ഡോ. പി. സി. രാജീവ് സ്വാഗതം ആശംസിക്കുകയും പരിപാടി പരിചയപ്പെടുത്തുകയും ചെയ്തു. ഓർഗനൈസിങ്ങ് സെക്രട്ടറി ഡോ. ഡിയോ മാത്യു നന്ദി രേഖപ്പെടുത്തി.